# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *106 28.04.2017 -ൽ മറുപടിക്ക്**

## കാലപ്പഴക്കം ചെന്ന പാലങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**,, കെ. ബാബു**<br>**,, കെ. ആൻസലൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ചും അപകട സ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. വിശദാംശം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇത്തരം പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ഇവയുടെ അപകട സ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ; | (ബി) പാലങ്ങളുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള 2249 പാലങ്ങളിൽ 693 പാലങ്ങൾ നല്ല സ്ഥിതിയിലാണെന്നും, 1191 പാലങ്ങൾക്ക് ചെറിയ രീതിയിലുള്ള അറ്റകുറ്റ പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള 365 പാലങ്ങൾ പുനർ നിർമ്മിക്കേണ്ടതോ അറ്റകുറ്റപ്പണികൾ നടത്തേണ്ടതോ ആണ്. ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സുരക്ഷ മുൻനിർത്തി അറ്റകുറ്റപ്പണികളും മറ്റും ആവശ്യമുള്ള പാലങ്ങളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഏനാത്ത് പാലം തകർന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഇത്തരം പാലങ്ങളുടെ പുനർനിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) ഏനാത്ത് പാലത്തിന് അപകടം സംഭവിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർന്ന് വിവരങ്ങൾ ശേഖരിച്ച് ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനങ്ങൾ നടത്തിയ ശേഷം മാത്രമേ പുനർ നിർമ്മാണത്തിന്റെ ആവശ്യകത കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ദേശീയപാത യിൽ വരുന്ന എല്ലാ പാലങ്ങളുടേയും ഇൻവെന്ററി സർവ്വേയും പ്രീമൺസൂൺ ആന്റ് പോസ്റ്റ് |

മൺസൂൺ കണ്ടീഷൻ സർവ്വേയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നടത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്ക് ആവശ്യമായ പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്താറുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**